HEADMASTERS' FORUM, TIRUR

SSLC മാതൃകാ പരീക്ഷ

ഫെബ്രുവരി 2022

ദിശ 22

# അടിസ്ഥാന പാഠാവലി

## സെറ്റ് എ

**സമയം : ഒന്നരമണിക്കൂർ** **പരമാവധി സ്കോർ :40**

**നിർദ്ദേശങ്ങൾ**

* ചോദ്യങ്ങൾ ശ്രദ്ധയോടെ വായിച്ചു നോക്കാനും മുൻഗണനാക്രമം തീരുമാനിച്ച് മനസ്സിൽ ഉത്തരങ്ങൾ ക്രമീകരിക്കാനും ആണ് ആദ്യത്തെ 15 മിനിറ്റ് സമയം അനുവദിച്ചിട്ടുള്ളത്.
* ഭാഗം എ -യിലെ ചോദ്യങ്ങൾ ഫോക്കസ് ഏരിയയിൽ നിന്നുള്ളതും ഭാഗം ബിയിലെ ചോദ്യങ്ങൾ ഫോക്കസ് ഏരിയക്കു പുറത്തുനിന്നുള്ളതുമാണ്.
* ഉത്തരം എഴുതുമ്പോൾ സ്കോർ, സമയം, ചോയ്സ് എന്നിവ പരിഗണിക്കണം.

---

### ഭാഗം I എ

**ഒന്നു മുതൽ ആറു വരെ ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക. ഒരു മാർക്ക് വീതം. 4X1=4**

1. " അവന്റെ ഒരു ദിവസത്തെ കൂലിയിലെ കടം അന്ന് അവൻ വീട്ടിക്കഴിഞ്ഞു". കോരൻ വീട്ടിയ കടം എന്തായിരുന്നു?
   a) ചിരുതയ്ക്ക് വയറു നിറയെ ഭക്ഷണം കൊടുത്തു.
   b) ഔസേപ്പിന് കൊടുക്കാൻ ഉണ്ടായിരുന്ന പണം കൊടുത്തു തീർത്തു.
   c) കൂലിയായി കിട്ടിയ പണംകൊണ്ട് അരിയും കപ്പയും വാങ്ങി.
   d) മകൻ എന്ന നിലയിൽ അയാളുടെ ചുമതല നിറവേറ്റി

2. "വെള്ളിത്താലമെടുത്തു നിരന്നു ലസിപ്പൂ"- എന്ന് കവി സങ്കൽപ്പിക്കുന്നത് എന്തിനെയാണ്?
   a) നെയ്യാമ്പലുകളെ
   b) മുക്കുറ്റികളെ
   c) തുമ്പകളെ
   d) കമുകിൻ പൂക്കളെ

3. "ഞാനിവിടെ ഒറ്റയ്ക്കാണെന്ന് എനിക്ക് തോന്നിയിട്ടില്ല"- അമ്മയുടെ ഈ വാക്കുകളിലെ സൂചന എന്ത്?
   a) വീടു നിറയെ ആളുകളുണ്ട്.
   b) മരിച്ചിട്ടും അച്ഛന്റെ സാന്നിധ്യം വീട്ടിൽ അനുഭവപ്പെടുന്നു.
   c) ഒറ്റയ്ക്ക് ജീവിക്കാൻ അമ്മയ്ക്ക് തന്റേടമുണ്ട്.
   d) ഒറ്റയ്ക്കാണെന്നത് അമ്മയുടെ തോന്നൽ മാത്രമാണ്.

4. പിഞ്ഞാണവർണ്ണം - എന്നതിന്റെ ശരിയായ വിഗ്രഹാർത്ഥം ഏത്?
  a) പിഞ്ഞാണത്തിന്റെ വർണ്ണം.
  b) പിഞ്ഞാണവും വർണവും.
  c) പിഞ്ഞാണമാകുന്ന വർണ്ണം.
  d) പിഞ്ഞാണമായ വർണ്ണം

5. മർക്കോസ് പിടിക്കുന്ന ഭാഗത്തിന്റെ <u>എതിരുപിടിക്കുക</u> എന്നത് മത്തായിയുടെ വ്രതമായി - അടിവരയിട്ട പ്രയോഗത്തിന്റെ സവിശേഷ അർത്ഥം എന്ത്?
  a) ഏഷണി പറയുക
  b) പരിഹസിക്കുക
  c) കണ്ണടച്ച് എതിർക്കുക
  d) അനുകൂലിക്കുക

6. പൂത്തിരി കത്തിച്ചതുപോലെയുള്ള മാമ്പൂക്കുല ഒടിച്ച് കുസൃതിക്കുട്ടനെപ്പോലെ കവിതാങ്കണത്തിൽ ഓടിയെത്തി "എന്ന് ലേഖകൻ വിശേഷിപ്പിക്കുന്ന കൃതി ഏത്?
  a) വിഷുക്കണി
  b) വാഴക്കുല
  c) കുടിയൊഴിക്കൽ
  d) മാമ്പഴം

## ബി

**7,8,9 ചോദ്യങ്ങൾക്കെല്ലാം ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക- രു മാർക്കു വീതം 3X1=3**

7. "മനസ്സിന്റെ കനം ത്തിരി കൊറഞ്ഞത് ഇപ്പളാണ്" ചാക്കുണ്ണി ഇങ്ങനെ പറയാനുണ്ടായ സാഹചര്യമെന്ത്?

  a) റേഡിയോ പണയം വച്ചപ്പോൾ
  b) റേഡിയോയിൽ ബാലമണ്ഡലം എന്ന പരിപാടി കേട്ടപ്പോൾ
  c) തയ്ക്കാനുള്ള തുണി മുഴുവൻ തയ്ച്ചു കഴിഞ്ഞപ്പോൾ
  d) റേഡിയോ വാങ്ങിയപ്പോൾ.

8. " ആരുവായിക്കുമീ മായുമെഴുത്തുകൾ
ആരുടെ നാവിലുയിർക്കുമീ ചൊല്ലുകൾ" - ഈ വരികളിൽ സൂചിതമാകുന്നത് ?

  a) മാതൃഭാഷയോടുള്ള അവഗണന
  b) വായന മറക്കുന്ന പുതുതലമുറ
  c) കത്തെഴുതാത്ത സമൂഹം
  d) വായിക്കാനറിയാത്ത ജനസമൂഹം

9. താഴെ കൊടുത്തവയിൽ ശ്രീ നാരായണഗുരുവുമായി ബന്ധമില്ലാത്ത പ്രസ്താവന ഏത്?

  a) കേരളത്തെ ജാതിപ്പാതാളത്തിൽ നിന്നു മോചിപ്പിച്ചു.
  b) ജനങ്ങളുടെ അന്ധകാരജീവിതത്തിൽ പ്രകാശം പരത്തി.
  c) ആധ്യാത്മികതയേയും ഭൗതികത്വത്തെയും വേർതിരിച്ചു നിർത്തി.
  d) തപശ്ചര്യ കൊണ്ടു വികസിച്ച വ്യക്തി മഹത്വത്തെ സമൂഹോന്നമനത്തിനു വേണ്ടി വിനിയോഗിച്ചു.

## ഭാഗം II എ

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക രണ്ട് മാർക്ക് 1X2=2**

10. "ചെന്നുനോക്കുമ്പോൾ അറിയാം മനസ്സിന്റെ 'ക്ലാവുപിടിച്ച കണ്ണാടി'യിലൂടെ അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നുവെന്ന്"
ക്ലാവുപിടിച്ച കണ്ണാടി എന്ന പ്രയോഗം നൽകുന്ന സൂചനകൾ എഴുതുക.

## ബി

**11,12 ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരം എഴുതുക. രണ്ടു മാർക്ക് വീതം. 2×2=4**

11. ശ്രീ നാരായണഗുരുവിന്റെ മഹത്തായ ഏതെങ്കിലും രണ്ടു സന്ദേശങ്ങൾ എഴുതുക.
12. "തിന്മകൾ കണ്ടാൽ കൊത്തിക്കീറാൻ കൊക്കിനു കഴിയട്ടെ " - ഈ വരികളിലൂടെ കവി നൽകുന്ന സന്ദേശം എന്ത്?

## ഭാഗം III എ

**13 മുതൽ 16 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് നാലോ അഞ്ചോ വാക്യങ്ങളിൽ ഉത്തരംഎഴുതുക. മൂന്ന് മാർക്ക് വീതം. 3×3=9**

13. "അതൊരക്ഷന്തവ്യമായ അപരാധമാണ്!" - കോരന്റെ ഈ ധാർമികബോധം വർത്തമാനസമൂഹത്തിൽ എത്രത്തോളം നിലനിൽക്കുന്നുണ്ട്. അഭിപ്രായക്കുറിപ്പ് തയ്യാറാക്കുക.

14. "ആർപ്പുവിളിക്കുവിനുണ്ണികളേ യലകടലെ മേൽമേൽ കുരവയിടു കൊച്ചരുവികളെ ചെറുകന്യകളെ"(ഓണമുറ്റത്ത്)
നല്ലഥിതി നമുക്കിനിയാരിതുപോലെ
- വരികളിലെ ചമൽകാരഭംഗി വിശദമാക്കുക.

15. കൊച്ചുചക്കരച്ചിയെ ഉപന്യാസകാരന്റെ അമ്മ സ്വന്തം കുടുംബാംഗമായാണ് പരിഗണിച്ചിരുന്നത് - പ്രസ്താവനയോട് പ്രതികരിക്കുക.

16. "അന്നത്തെ സൂചി പ്രയോഗത്തിൽ നീറ്റൽ പോലൊന്ന്
മനസ്സിലൂടപ്പോൾ കടന്നുപോയ്" (അമ്മത്തൊട്ടിൽ)
- വരികളുടെ ഔചിത്യഭംഗി വിശദമാക്കുക.

## ബി

**നാലോ അഞ്ചോ വാക്യങ്ങളിൽ ഉത്തരമെഴുതുക (3 മാർക്ക് ) 1×3=3**

17. ശ്രീനാരായണഗുരുവിനെ മറ്റു സന്യാസിമാരിൽ നിന്ന് വ്യത്യസ്തനാക്കുന്ന ഘടകങ്ങൾ എന്തെല്ലാം? കുറിപ്പെഴുതുക.

## ഭാഗം IV എ

**18 മുതൽ 20 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 2×4=8**

18. "ആ പൂവൻ കോഴി ഒരു വിപ്ലവം അഴിച്ചുവിട്ടു. ആ രാത്രി അത് മത്തായിയുടെ തലച്ചോറിനകത്ത് ചികയുകയും മാന്തുകയും കൊത്തിപ്പെറുക്കുകയും ചെയ്തു.
(കോഴിയും കിഴവിയും)

ദിശ

പൂവൻകോഴി അഴിച്ചുവിട്ട വിപ്ലവം എന്തായിരുന്നു? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

19. "പഴമയിലിഴയും പല്ലുകൊഴിഞ്ഞൊരു പാട്ടാണെന്നു പഴിക്കാമെന്നു
പരിഷ്കാരത്തിൻ തിണ്ണയിലുള്ളവർ" (ഓണമുറ്റത്ത്)
- വരികളിലെ സാമൂഹികവിമർശനം കണ്ടെത്തി എഴുതുക.

20. "ഇത്രയും കാലം അച്ഛന്റെ ഓരോ വിളിക്കു പിന്നാലെയും അമ്മ ഓടുകയായിരുന്നു".
"കണ്ണുകാണാതായിട്ടും നടക്കാൻ പറ്റാതായിട്ടും നിങ്ങള് വിളിക്കുന്നേടത്തും പറേന്നേടത്തും ഞാൻ എത്തുന്നുണ്ടല്ലോ. അതു തന്നെ വലിയ കാര്യം". (ഓരോ വിളിയും കാത്ത് )
കഥയിൽ ആവിഷ്ക്കരിക്കപ്പെടുന്ന അമ്മയുടെ അവസ്ഥ സമകാലിക കേരളീയകുടുംബങ്ങളിലെ സ്ത്രീ ജീവിതാവസ്ഥ തന്നെയാണോ? വിമർശനാത്മകമായി പ്രതികരിക്കുക.

## ബി

**21,22 ചോദ്യങ്ങളിൽ ഒന്നിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. നാലു മാർക്ക് 1X4=4**

21. "ചെമ്പു മത്തായി നിലത്തിരുന്ന് താഴിൽ താക്കോൽ തിരിച്ചു ഒന്നു വലിച്ചു നോക്കി ശരിക്കും പൂട്ടിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തി"
"ഈ റേഡിയോം പാട്ട്വൊക്കെ ഇനിക്കത്ര പിടിത്തല്ല്യാ. മനുഷ്യരെ മെനക്കെടുത്താൻ ഓരോ ഏർപ്പാടോള്. ആ നേരം വല്ല പണീം എടുത്താല് കാശ്ണ്ടാക്കാം (പണയം)
മേൽക്കൊടുത്ത കഥാസന്ദർഭങ്ങൾ പരിഗണിച്ച് ചെമ്പുമത്തായി എന്ന കഥാപാത്രത്തെ നിരൂപണം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

22. മാതൃഭാഷയും അതിനോടു ബന്ധപ്പെട്ട ജീവിത സംസ്ക്കാരവും പുതു തലമുറയ്ക്ക് നഷ്ടമാകുന്നതിനെക്കുറിച്ചുള്ള കവിയുടെ ആശങ്കയാണോ "അമ്മയുടെ എഴുത്തുകൾ" എന്ന കവിത മുന്നോട്ടുവയ്ക്കുന്നത്? സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കുക.

## ഭാഗം V

**23,24 ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 1X5=5**

23. "അയാളുടെ അമ്മയ്ക്ക് ഈ നന്ദികേടിൽ പ്രതിഷേധമുണ്ട്. എന്നാലും ഒരമ്മയാണല്ലോ"
"മകനേ, മൂടുമറക്കരുത്"_ കഥയിലെ മറ്റു സന്ദർഭങ്ങൾ കൂടി പരിഗണിച്ച് "മത്തായിയുടെ അമ്മ" എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണക്കുറിപ്പ് തയ്യാറാക്കുക.

24. "കൊച്ചുചക്കരച്ചി നേരുള്ള മാവാണ്. അവൾ ദോഷം വരുത്തുകയില്ല" എന്നുള്ള അമ്മയുടെ വിശ്വാസം ജയിച്ചു. (കൊച്ചു ചക്കരച്ചി)
പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അഗാധമായ ആത്മബന്ധത്തിന്റെ ആവിഷ്ക്കാരമാണ് "കൊച്ചുചക്കരച്ചി". പ്രസ്താവന വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.